# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

## യേശുക്രിസ്തു

1. ലോകത്തിലേക്കു വന്നു -1തിമൊ 1:15, മത്തായി 17:10
2. ജഡത്തിൽ ജനിച്ചു- യോഹന്നാൻ 1:14, യോഹന്നാൻ 4:1-3
3. സ്ത്രീയിൽ നിന്ന് ജനിച്ചു- ഗലാത്യർ 4:4, യെശയ്യാവ് 7:14
4. മനുഷ്യപുത്രനായി തീർന്നു-ഫിലിപ്പിയർ 2:5-8; ലൂക്കൊസ് 19:10
5. ദരിദ്രനാകുവാൻ ധനം ഉപേക്ഷിച്ചു- 2കൊരിന്ത്യർ6:9; ലൂക്കൊസ് 9:38
6. മനുഷ്യരാൽ ത്യജിക്കപ്പെട്ടു- യോഹന്നാൻ 1:11,12; യെശയ്യാവ് 57:3
7. ദു:ഖമനുഷ്യനായി തീർന്നു- യെശയ്യാവ് 52:3; മത്തായി 23:37
8. മനുഷ്യരാൽ മരണത്തിനു ഏല്പിച്ചുകൊടുത്തു-ലൂക്കൊസ് 24:46 മത്തായി 16:21
9. ഭൂമിയിൽ ശപിക്കപ്പെട്ടവനായിതീർന്നു- ഗലാത്യർ 3:13
10. നമുക്കു വേണ്ടി പാപമായിതീർന്നു - 2കൊരിന്ത്യർ 5:21

## നമുക്ക്

1. സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ- യോഹന്നാൻ 14:1-3, 2കൊരിന്ത്യർ6:1
2. ആത്മാവിൽ ജനിക്കേണ്ടതിന്നു- യോഹന്നാൻ 3:5 1 പത്രൊസ് 1:23
3. ദൈവത്താൽ ജനിക്കേണ്ടതിനു യോഹന്നാൻ 1:11-13, യോഹന്നാൻ 5:4
4. ദൈവമക്കൾ ആകേണ്ടതിന്നു- 1യോഹന്നാൻ 3:1-3; ഗലാത്യർ 4:6
5. ധനികരാകുവാൻ ദാരിദ്ര്യം ഉപേക്ഷിച്ചു-2കൊരിന്ത്യർ 8:9; എഫെസ്യർ 2:7
6. ദൈവത്താൽ സ്വീകരിക്കപ്പെട്ടു- എഫെസ്യർ 1:6 പ്രവൃത്തി 10:34
7. തേജസിന്റെ മക്കൾ ആയി തീർന്നു- ഫിലിപ്പിയർ 4:4; 1പത്രൊസ് 4:13
8. ദൈവത്താൽ ജീവനുള്ളവരായിതീർന്നു. കൊലൊസ്യർ 2:13;എഫെസ്യർ2:1
9. സ്വർഗ്ഗത്തിൽ അനുഗ്രഹിക്കപ്പെട്ടവനാകുവാൻ-ഗലാത്യർ 3:14
10. ദൈവത്താൽ നീതീകരിക്കപ്പെടുവാൻ-2കൊരിന്ത്യർ 5: 21

# THE BIBLE TRUTH

Editors

P. K. VARGHESE J. C. CHOATE

ooo ooo ooo

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിൻെറ പുനരേകീകരണം

Vol. 14 February 2001 No. 11


## എഡിറേറാറിയൽ

മതപരമായ ഐക്യതക്കു ആഹ്വാനം ചെയ്യുന്ന മതാദ്ധ്യക്ഷന്മാരുണ്ട്. കാലാകാലങ്ങളായി ചിലർ ശ്രമിക്കയും ചെയ്തിട്ടുണ്ട്. എന്നാൽ ഇന്നും നിലകൊള്ളുന്നതു വിയോജിപ്പ് മാത്രമാണ്. ഇതിൻെറ മൂലകാരണത്തിലേക്കു ഇവർ കടക്കുന്നില്ല എന്നതാണ് പരിഹരിക്കപ്പെടാതിരിക്കുന്നതിൻെറ ഒരു കാരണം. എണ്ണിയാൽ തീരാത്ത മത സംഘടനകളും വിഭാഗങ്ങളും ലോകത്തിൽ നിറഞ്ഞിരിക്കയാണ്. ഇതു ഇന്നോ ഇന്നലെയോ ആരംഭിച്ചതല്ല. നൂററാണ്ടുകളായി പഴക്കം ചെന്ന ഒന്നാണിത്. പല കാരണങ്ങളാം കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. വ്യക്തിപരമായ സ്വാർത്ഥതയുടെ പേരിൽ, വിശ്വാസത്തിൻെറ പേരിൽ തത്വചിന്തകളുടെ പേരിൽ, എല്ലാം പിരിഞ്ഞുപോയതാണ് എല്ലാവരും. ഒന്നിനെ ഒന്നായി കാണാൻ കഴിയാത്ത സാഹചര്യം എന്തായാലും അതു പരിഹരിക്കുന്നതിനോ മനസിലാക്കുന്നതിനോ വിധേയപ്പെടുന്നതിനോ തയ്യാറാകാതെ പുറത്തു പോകുന്നതു അനൈക്യമാണ് ജനിപ്പിക്കുന്നത്. ഒരു കുടുംബത്തിൽ തന്നെ നോക്കിയാൽ പൊരുത്തപ്പെടൽ ആവശ്യമാണ്. പക്ഷെ ആർ ആർക്കു കീഴ്പ്പെടണം എന്നതാണ് പ്രശ്നം.

ഐക്യത അല്ലെങ്കിൽ യോജിപ്പ് ഏതു കാര്യത്തിലും എവിടെയും വേണ്ടതാണ് എന്നു എല്ലാവരും സമ്മതിക്കും. പക്ഷെ ഞാൻ പറയുന്നതു മററുള്ളവർ എല്ലാവരും അംഗീ

കരിക്കണം എന്നു വരുമ്പോഴാണ് കുഴപ്പം നേരിടുന്നത്. അതേ ആശയം മററുള്ളവരിലും ഉണ്ടാകും. സമാന്തരരേഖകൾ ഒരിക്കലും കൂട്ടിമുട്ടുകയില്ല. അവ തുല്യ ദൂരത്തിൽ തന്നെ നില്ക്കുന്നതുകൊണ്ടു അടുക്കാൻ സാധിക്കുന്നില്ല. വിട്ടുവീഴ്ച്ചയാണ് ആവശ്യം. നമുക്ക് അവകാശമുള്ളതു പോലെ മററുള്ളവർക്കും അവകാശമുണ്ടെന്നു ഓർക്കണം. ഇന്നത്തെ എക്യൂമെനിക്കൽ പ്രസ്ഥാനം പരാജയപ്പെടുന്നതിൻെറ കാരണം, വ്യത്യസ്തമായ വിശ്വാസാചാരങ്ങളിൽ നിന്നുകൊണ്ടു യോജിക്കാമെന്ന അവരുടെ ധാരണ അപ്രായോഗികമത്രെ. വിശ്വാസവും ആചാരവും ഒന്നായാൽ മാത്രമേ യോജിപ്പ് യാഥാർത്ഥ്യമാകുന്നുള്ളു. അല്ലാതുള്ള യോജിപ്പ് വെറുമൊരു ചടങ്ങിനു അവർ ഒത്തു ചേരുന്നു എന്നു മാത്രം. അതല്ല വാസ്തവത്തിൽ ആവശ്യം. പരമാർത്ഥ ഐക്യത എന്നതു എല്ലാം ഒന്ന് എന്ന അർത്ഥത്തിൽ തന്നെയായിരിക്കണം. ദൈവീകോദ്ദേശത്തിനായി യോജിക്കാൻ എല്ലാവരും തയ്യാറാകണം.

എന്നാൽ ഐക്യത എവിടെ തുടങ്ങണം ? ആരാണ് തുടങ്ങേണ്ടത് ? എങ്ങനെയാണ് യോജിക്കേണ്ടതു ? ഇവ ആധികാരികമായി നാം തിരിച്ചറിയണം. ഐക്യത തുടങ്ങേണ്ടതു ഓരോ വ്യക്തിയുടേയും ഉള്ളിൽ നിന്നായിരിക്കണം. ഓരോ തിരിച്ചറിവുള്ളവരുമാണ് തുടങ്ങേണ്ടതു. ദൈവഹിത പ്രകാരമാണ് തുടങ്ങേണ്ടതു. ദൈവ കല്പനകൾക്കു കീഴ്പ്പെട്ടുകൊണ്ടു വാക്കും പ്രവൃത്തിയും സ്വഭാവവും വിശ്വാസവും ഒന്നായി മാറണം. തുറന്ന മനസോടെ സത്യസന്ധമായി ഏതു വിട്ടുവീഴ്ച്ചക്കും തയ്യാറാവണം. അങ്ങനെയായാൽ ക്രിസ്തുവിൻെറ പ്രാർത്ഥനയുടെ ഫലം കാണും. ഐക്യത ശക്തിയെ പുറപ്പെടുവിക്കുന്നു. ഫലമോ സമാധാനമത്രെ. ഇന്നു ലോകത്തിൽ സമാധാനമില്ലാത്തതിൻെറ കാരണം യോജിപ്പില്ലായ്മയാണ്.

★

# വചനത്തെ യഥാർത്ഥമായി വിഭജിക്കൽ

J. C. ചോട്ട്

ബൈബിൾ വായിക്കുന്ന അനേകർ തെററിദ്ധരിക്കപ്പെട്ടിരിക്കയാണ്. ചിലർ കണ്ണടച്ച് ബൈബിൾ തുറക്കുകയും കിട്ടുമ്പോൾ കാണുന്ന വേദഭാഗം, ദൈവം അവരോടു വ്യക്തിപരമായി സംസാരിക്കുന്നതാണെന്നു വിശ്വസിക്കുന്നു. അങ്ങനെ വിലയിരുത്തുന്നവർ, പെട്ടകമുണ്ടാക്കുന്നതും മൃഗയാഗവും യെരുശലേമിലേക്കുള്ള ആരാധനാ യാത്രയും നടത്തണമെന്നു അനുമാനിക്കേണ്ടി വരുന്നു. വേറെ ചിലർ വിചാരിക്കുന്നതു പത്തു കല്പനകൾ പ്രമാണിക്കണമെന്നും അതുകൊണ്ടു ശബ്ബത്തു വിശുദ്ധമായി ആചരിക്കയും തങ്ങളുടെ വരുമാനത്തിന്റെ എല്ലാം ദശാംശം കൊടുക്കണമെന്നും അവർ കരുതുന്നു. ഇവർക്കെല്ലാം പററുന്ന കുഴപ്പം എന്തെന്നാൽ അവർ ദൈവ വചനം യഥാർത്ഥമായി വിഭജിക്കുന്നില്ല എന്നതാണ്. അതുകൊണ്ടു മിക്കപേരും കലക്കത്തിലും പരിഭ്രാന്തിയിലും ആണ്.

അപ്പൊസ്തലനായ പൌലൊസ്, തിമൊഥെയോസിനു ലേഖനമെഴുതുമ്പോൾ പറഞ്ഞിരിക്കുന്നതു: സത്യ വചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ടു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാകുന്നവനായി നില്പാൻ ശ്രമിക്ക എന്നാണ് (2 തിമൊഥെയൊസ് 2:15). ഒരാൾ ദൈവേഷ്ടം എന്തെന്നറിയുവാൻ ബൈബിൾ തീർച്ചയായും വായിച്ചിരിക്കണം. വായിച്ചാൽ തന്നെയും എന്തു ചെയ്യണമെന്നു തീർച്ചയില്ലാത്തതുകൊണ്ടു കലക്കത്തിലാകാൻ സാദ്ധ്യതയുണ്ട്. അതു പരിഹരിക്കുവാൻ വചനത്തെ യഥാർത്ഥമായി വിഭജിക്കാൻ അറിയണം. പക്ഷെ അതിന്റെ അർത്ഥമെന്താണ്, എ

ങ്ങനെയാണ് യഥാർത്ഥത്തിൽ വിഭജിക്കുക എന്നു പരിശോധിക്കാം.-

ആയിരത്തി അഞ്ഞൂറിലധികം വർഷങ്ങാംകൊണ്ടു വ്യത്യസ്ത മേഖലകളിൽ ഇരുന്നു എഴുതിയതായിരുന്നു ബൈബിാം. അതിൽ പറഞ്ഞിരിക്കുന്നതെല്ലാം എനിക്കും നിങ്ങാംക്കും വേണ്ടിയുള്ളതല്ല. അതായതു നമുക്കു മുൻപ് ജീവിച്ചിരുന്നവർക്കും കൂടെ വേണ്ടി എഴുതപ്പെട്ടതായിരുന്നു. തരം തിരിച്ച് കാലഭേദവും നിയമഭേദവും മനസിലാക്കണം.

ബൈബിാം എന്ന പദത്തിന്റെ അർത്ഥം: പുസ്തകം അഥവാ പുസ്തകങ്ങളുടെ പുസ്തകം എന്നാണ്. ഇതിൽ ആകെ 66 പുസ്തകങ്ങളാണ് ഉള്ളത്. അതിനെ മുഖ്യമായി രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയ നിയമമെന്നും പുതിയ നിയമമെന്നുമാണ് അതു രണ്ടും. രണ്ടു മുഖ്യകാലയളവിലേക്കായി നല്കിയ 39 പുസ്തകങ്ങളെ പഴയ നിയമം എന്ന പേരിൽ അറിയപ്പെടുന്നു. ആദാമിന്റെയും ഹവ്വയുടേയും കാലം മുതൽ മോശെയുടെ കാലം വരെയുള്ളതാണ് ആദ്യത്തെ പിതാക്കന്മാരുടെ കാലം. ഏതാണ്ട് 2500 വർഷത്തോളമായിരുന്നു ആ കാലത്തിന്റെ ദൈർഘ്യം. ആ കാലത്തു ദൈവം, തന്നെ അനുസരിക്കുന്ന കുടുംബങ്ങളോട് കുടുംബത്തലവൻമാരിൽ കൂടെ നേരിട്ടു സംസാരിച്ചിരുന്നു. ആ സമയത്തു എഴുതപ്പെട്ട ദൈവ നിയമം ഇല്ലായിരുന്നു. പിതാക്കന്മാരുടെ ജീവചരിത്രത്തെ ഉല്പത്തി പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്.

മോശെയുടെ കാലം എന്നറിയപ്പെടുന്നതാണ് രണ്ടാമത്തെ കാലയളവ്. മോശെയുടെ കാലം മുതൽ ക്രിസ്തുവിന്റെ മരണം വരെ ഉാംപ്പെടുന്ന കാലത്തെ മോശെയുടെ കാലം എന്നു വിളിക്കാം. ഈ കാലത്താണ്, അബ്രഹാമിന്റെ പിൻഗാമികളായ ദൈവ ജനമായിരുന്ന യിസ്രായേൽ ദേശത്തിനു ദൈവം ഒരു ലിഖിത നിയമം നല്കിയതു.

മോശെ മുഖാന്തരമാണ് ആ പ്രമാണം കൊടുത്തതു. ഈ ജനത്തെ പ്രത്യേകമായി തിരഞ്ഞെടുത്തതും നിയമം അവർക്കു കൊടുത്തതും ദൈവപുത്രനു ജനിക്കുവാൻ വഴി ഒരുക്കുന്നതിനു വേണ്ടിയാണ്.

മൂന്നാമത്തേതും അവസാനത്തേതുമായ കാലമാണ് ക്രിസ്തീയകാലഘട്ടം എന്നറിയപ്പെടുന്നതു. യേശുക്രിസ്തുവിന്റെ മരണശേഷം അവന്റെ ആത്മീയ ഭവനമായ സഭയുടെ ആരംഭം മുതൽ ഇതാരംഭിക്കുന്നു. അപ്പൊസ്തല പ്രവൃത്തികൾ രണ്ടാം അദ്ധ്യായത്തിൽ ഈ സംഭവം പ്രതിപാദിച്ചിരിക്കുന്നു. ഈ കാലം കർത്താവിന്റെ വീണ്ടും വരവു വരെ തുടരുന്നതാണ്. ലോകാവസാനത്തിൽ അവൻ തന്റെ രാജ്യമാകുന്ന സഭയെ പിതാവിന്നു ഏല്പിച്ചുകൊടുക്കും. ആ സ്ഥാനം ഒരുക്കുവാനാണ് അവൻ പോയിരിക്കുന്നതു (യോഹന്നാൻ 14:1-3).

നാം പിതാക്കന്മാരുടെയോ, ക്രിസ്തുവിന്റെ മരണത്തോടുകൂടെ അവസാനിച്ച മോശെയുടെയോ കാലത്തിൽ നാം ഉൾപ്പെടുന്നില്ല എന്നു വ്യക്തമായല്ലൊ. ഇപ്പോൾ നിലനില്ക്കുന്നതു ഒരേ നിയമവും ഒരേ കാലവും മാത്രമാണ്. അതാണ് ക്രിസ്തീയകാലം; അതുകൊണ്ടു ക്രിസ്തുവിന്റെ നിയമത്തിൻ കീഴിലാണ് നാം ജീവിക്കുന്നത്. ആകയാൽ നാം പ്രമാണിക്കേണ്ടതും ഈ കാലത്തിലെ നിയമമാണ്.

നാം പിതാക്കന്മാരുടെയോ മോശെയുടെയോ കാലയളവിൽ ജീവിക്കാത്തതുകൊണ്ടു ആ നിയമത്തിൻ കീഴിൽ വരുന്നില്ല എന്നതു തികച്ചും താത്വികം തന്നെ. പിന്നെ നാം പഴയ നിയമം വായിക്കുന്നതു അതിലെ മാതൃകയും ചരിത്രവും പഠിക്കുന്നതിനു വേണ്ടിയാണ്. നമ്മുടെ ബുദ്ധിയുപദേശത്തിനായി എഴുതപ്പെട്ടിരിക്കുന്നു. അതിലെ നിയമങ്ങൾ ഇന്നു നാം അനുസരിക്കണമെന്നല്ല ദൈവം ആഗ്രഹിക്കുന്നതു.

നാം ഇവിടെ ചെയ്തതു ബൈബിൾ യഥാർത്ഥമായി വിഭജിച്ചു എന്നതാണ്. ഇന്നു നാം ക്രിസ്തീയ കാലഘട്ടത്തിൽ ജീവിക്കുന്നതുകൊണ്ടു നാം അനുസരിക്കേണ്ടതു ക്രിസ്തുവിൻെറ നിയമമാണ്. മൃഗബലി നടത്തേണ്ടതിനെ കുറിച്ചും പെട്ടകം പണിയേണ്ടതിനും ഒന്നും നാം തുനിയേണ്ട കാര്യമില്ല, അതെല്ലാം ആ കാലയളവിൽ ജീവിച്ച ആളുകളോടു ദൈവം കല്പിച്ചതാണ്. നമുക്കുള്ള ഉത്തരവാദിത്വം ക്രിസ്തുവിൻെറ നിയമത്തോടാണ്. ഇതു മനസിലാക്കുവാൻ വളരെ ലളിതമല്ലേ ?

പുതിയ നിയമത്തെ യഥാർത്ഥമായി വിഭജിക്കാൻ ക്രമാനുഗതമായ ചില ചോദ്യങ്ങൾ ചോദിച്ചാൽ മതിയാകും. ആദ്യമായി ആരാണ് സംസാരിക്കുന്നതു ? ദൈവമാണോ പിശാചാണോ ? അതോ ബൈബിളിലെ മറെറതെങ്കിലും വ്യക്തിയാണോ ? രണ്ടാമതു, ആരോടാണ് സംസാരിക്കുന്നതു ? അവിശ്വാസികളോടാണോ ? വിശ്വാസികളോടാണോ ? അതോ പൊതുവായിട്ടാണോ അല്ലെങ്കിൽ ഏതെങ്കിലും ഒരു പ്രത്യേക കൂട്ടത്തോടാണോ എന്നു ചോദിക്കുക. മൂന്നാമതായി എപ്പോഴാണ് സംസാരിച്ചതു ? സഭയുടെ ശൈശവ പ്രായത്തിൽ മാത്രം ബാധിക്കുന്നതായ പ്രസ്താവനയാണോ ? (ഉദാഹരണമായി, വചനത്തെ ഉറപ്പിക്കുവാൻ നടന്ന അടയാളങ്ങളും അത്ഭുതങ്ങളും). അതോ ക്രിസ്തീയ കാലയളവിലുള്ള എല്ലാവരേയും ബാധിക്കുന്നതാണോ ? നാലാമതായി, എന്തുകൊണ്ടാണ് സംസാരിച്ചതു ? ദൈവം ഇതിൽ പ്രത്യേക സത്യം വെളിപ്പെടുത്തുകയാണോ ? അതോ ചില സഹായകരമായ നിർദ്ദേശങ്ങൾ നല്കുകയാണോ ?

ഇപ്പോൾ, നിങ്ങൾ വായിക്കുന്ന വേദഭാഗം, ദൈവം നിങ്ങളോടു സംസാരിക്കുന്നതാണോ ? അതോ മററാരോടെങ്കിലും സംസാരിക്കുന്നതാണോ എന്നു വിവേചിക്കാൻ സമ

ധിക്കുമല്ലോ. മുകളിൽ ചോദിച്ച ചോദ്യങ്ങൾക്കു ഉത്തരം കണ്ടെത്തിയാൽ നിങ്ങൾ എന്തു ചെയ്യണം, എങ്ങനെ ചെയ്യണം, എപ്പോൾ ചെയ്യണം എന്തുകൊണ്ടു ചെയ്യണം എന്നതു വ്യക്തമാകും.

ബൈബിൾ പഠനത്തിനു കൂടുതൽ സഹായം നല്കുന്ന ബൈബിൾ നിഘണ്ടുവും ബൈബിൾ പദാനുപദ വിശദീകരണ പുസ്തകവും ലഭ്യമാണ്. പ്രത്യേക വിഷയങ്ങളെ പററി പ്രതിപാദിക്കുന്ന കമൻററികളും ലഭിക്കും. അവയെല്ലാം പഠന സഹായികളായി മാത്രം പരിഗണിക്കാവുന്നതാണ്.

മുകളിൽ പറഞ്ഞ കാര്യങ്ങൾ എല്ലാം മനസിൽ വെച്ച് വേദപുസ്തകം വായിച്ചു മനസിലാക്കിയാൽ വളരെ എളുപ്പം കാര്യങ്ങൾ ഗ്രഹിക്കാം. സത്യം കണ്ടെത്തണം എന്ന അഭിവാഞ്ഛയും പ്രാർത്ഥനയുമുണ്ടെങ്കിൽ അതു കണ്ടെത്തുവാൻ ദൈവം നിങ്ങളെ സഹായിക്കും. പിശാച് തടസങ്ങൾ സൃഷ്ടിക്കും എന്നോർക്കണം. സത്യത്തെ സ്നേഹിച്ച് നാം കൈക്കൊണ്ടില്ലെങ്കിൽ ഭോഷ്കു വിശ്വസിക്കുവാനുള്ള അവസരവും ദൈവം ഒരുക്കും.

ക്രിസ്തു ഈ ലോകത്തിൽ വന്നു മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേററു. ഇതാണ് സദ്‌വാർത്ത. ഇതിനോടു നാം ബന്ധപ്പെട്ടു അവനിൽ വിശ്വസിച്ച്, മാനസാന്തരപ്പെട്ട്, ദൈവപുത്രനെന്നു അവനെ ഏററു പറഞ്ഞു പാപമോചനത്തിനായി സ്നാനമേല്ക്കുമ്പോൾ കർത്താവു നമ്മെ രക്ഷിക്കും; അവൻെറ സഭയിലേക്കു ചേർക്കുകയും ചെയ്യും (പ്രവൃത്തി 2:38-47). നിത്യജീവൻെറ വചനം വായിച്ച് അനുസരിച്ച് നിത്യ ജീവൻ പ്രാപിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

*

# നിബന്ധനയോടുകൂടെയുള്ള ഉറപ്പ്

ചാൾസ് J. A.

പ്രവചനം നിബന്ധനയോടുകൂടിയതാണെന്നു യോനാ പ്രവാചകൻ മനസിലാക്കിയതു അവൻ മത്സ്യത്തിനകത്തു കഴിയേണ്ടി വന്നതുകൊണ്ടാണ്. ദൈവം അവനോടു നിനെവെയിൽ പോയി പ്രസംഗിക്കുവാനാണ് പറഞ്ഞതെങ്കിലും അവൻ തർസിസിലേക്കുള്ള കപ്പലിലാണ് കയറി പോയതു. ഇനി നാല്പതു ദിവസം കഴിഞ്ഞാൽ നിനെവെ ഉൻമൂലനം ചെയ്യപ്പെടും എന്ന പ്രവചനം അറിയിക്കുവാനാണ് ദൈവം അവനെ നിയോഗിച്ചത് (യോനാ 3:4). നിനെവെക്കാർ തങ്ങളുടെ പാപത്തിൽ തന്നെ ജീവിച്ചാൽ ദൈവം നാല്പതു ദിവസത്തിനുശേഷം അവരെ നശിപ്പിക്കും എന്നാണ് പറഞ്ഞിരുന്നത്. യോനയുടെ പ്രസംഗം കേട്ടു, നിനെവെക്കാർ മാനസാന്തരപ്പെട്ടു. അതിനാൽ ദൈവം അവരോടു കരുണ കാണിച്ചു. അപ്പോഴ് യോനക്കു കോപം ജ്വലിച്ചു. കാരണം നിനെവെക്കാർ നശിക്കണമെന്നു യോനാ ആഗ്രഹിച്ചു. അവന്റെ ദൈവത്തോടുള്ള പ്രാർത്ഥനയിൽ അവൻ പറയുന്നതു: നിനെവെക്കാർ മാനസാന്തരപ്പെട്ടാൽ ദൈവം അവരെ നശിപ്പിക്കാതെ അവരോടു കരുണ കാണിക്കും എന്നറിയാം അതുകൊണ്ടാണ് ഞാൻ തർസിസിലേക്കു യാത്ര തിരിച്ചത്'' എന്നായിരുന്നു (യോനാ 4:2).

പ്രവചനങ്ങളുടെ നിബന്ധനാ സ്വഭാവം വളരെ മുമ്പു തന്നെ ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്. അബ്രഹാമിനു ദൈവം നല്കിയ വാഗ്ദാനമായ ദേശവും ദേശീയ അനുഗ്രഹങ്ങളും അതിനുദാഹരണമാണ്.

(ശേഷം അടുത്ത ലക്കത്തിൽ)

# ദൈവം തന്റെ വേദന സ്വയം സഹിക്കുന്നു

**തോമസ് ആർ ഡി.**

ഒരു വിധത്തിൽ അല്ലെങ്കിൽ മറെറാരു വിധത്തിൽ വേദന അനുഭവിക്കുന്നവരാണ് മനുഷ്യർ എല്ലാവരും. അതിനു വ്യത്യസ്ഥ കാരണങ്ങളും ഉണ്ട്. വേദന ഉണ്ടാകാത്തവർ ആരും കാണുകയില്ല. ദൈവ നിയമത്തെ ലംഘിക്കുന്നതു കൊണ്ടാണ് വേദന അനുഭവപ്പെടുന്നത്. ഭൗതികവും ആത്മികവുമായ വേദനയുണ്ട്. മനുഷ്യരെല്ലാവരും ദൈവത്തിന്റെ സൃഷ്ടികളാണ്. ആത്മാവാകുന്ന ദൈവം തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും മനുഷ്യരെ ഉണ്ടാക്കി. എന്നാൽ താൻ ഉണ്ടാക്കിയതായ മനുഷ്യന്റെ മനോനിരൂപണം ദോഷമുള്ളതായി തീരുകയും തുടർച്ചയായി അവർ ലംഘനം നടത്തിക്കൊണ്ടിരിക്കയും ചെയ്തപ്പോൾ സൃഷ്ടികർത്താവിനു എന്താണ് തോന്നിയതു എന്നു തിരിച്ചറിയുക. "ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയ വിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പോഴും ദോഷമുള്ളതു എന്നും യഹോവ കണ്ടു. താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുകകൊണ്ടു യഹോവ അനുതപിച്ചു; അതു അവന്റെ ഹൃദയത്തിനു ദുഃഖമായി (ഉല്പത്തി 6:5-6).

മനുഷ്യൻ മനുഷ്യനെ ദുഃഖിപ്പിച്ചാലും അവൻ ദൈവത്തെ ദുഃഖിപ്പിച്ചാലും ദൈവം വേദനിക്കുന്നു. രണ്ടിലും അവൻ ദൈവത്തെ ആദരിക്കുന്നില്ല. പഴയ നിയമത്തിലെ ചരിത്ര സംഭവങ്ങൾ നോക്കിയാൽ ഇസ്രായേലിന്നു ദൈവം എല്ലാ അനുഗ്രഹങ്ങളും നല്കി. അവരെ ഏതെല്ലാം വിധത്തിൽ സന്തോഷിപ്പിക്കാമോ ആ വിധത്തിലെല്ലാം ദൈവം അവരെ പോഷിപ്പിച്ചു. പക്ഷെ അവർ അവയിൽ തൃപ്തരായി കണ്ടില്ല. അല്ലെങ്കിൽ അവർ അതു കാര്യമായി പരി

ഗണിച്ചില്ല. അവർ വീണ്ടും വീണ്ടും ദൈവത്തിൽ നിന്നക ന്നുപോയി. അങ്ങനെ അവർ കഷ്ടതയും വേദനയും ദുഃഖവും അനുഭവിക്കേണ്ടി വരുമ്പോൾ അവർ സഹായ ത്തിനായി ദൈവത്തെ വിളിക്കും. ദൈവം അവരോടു സ ഹതപിക്കയും അവരെ അതിൽ നിന്നു വിടുവിക്കയും ചെ യ്യും. പക്ഷെ അധിക നാൾ കഴിയുന്നതിനു മുൻപ് അ വർ വീണ്ടും തെററി പോകുന്നതായി നമുക്കു കാണാം. സർവ്വശക്തനായ ദൈവത്തെ വെറുപ്പിച്ച് അവർ ജീവി ക്കുമ്പോൾ അവർ തങ്ങളുടെ ദൈവത്തെയാണ് ദുഃഖിപ്പി ക്കുന്നതു എന്ന ചിന്തയേ അവരിലില്ല. ദൈവം ദീർഘക്ഷ മയോടെയാണ് അവരോടു ഇടപെട്ടിരുന്നത്.

പ്രവാചകന്മാരുടെ കാലമായപ്പോഴും പിതാക്കന്മാരു ടെ കാലത്തിലേതുപോലെ ജനങ്ങൾ ദൈവത്തെ ദുഃഖിപ്പി ക്കുകയാണ് ചെയ്തതു. വിരലിലെണ്ണാവുന്ന ആളുകൾ മാത്രം ദൈവത്തെ പ്രസാദിപ്പിച്ചു. ശേഷമുള്ളവർ എല്ലാ വരും ദൈവ മാർഗ്ഗം ത്യജിച്ച് തങ്ങളുടെ സ്വന്ത വഴിക്കു തിരിഞ്ഞിരുന്നു. ദൈവം അയച്ച സന്ദേശ വാഹകരായ പ്രവാചകന്മാരെ അവർ ഉപേക്ഷിക്കുക മാത്രമല്ല, അവരെ കൊന്നുകളയുകയും ചെയ്തു. ഇതെത്രമാത്രം ദൈവ ത്തെ ദുഃഖിപ്പിച്ചു എന്നോർക്കുക. ദൈവത്തെ ആരാധി ക്കുന്നതിനു പകരം ജീവനില്ലാത്ത വിഗ്രഹങ്ങളിലേക്കു തി രിഞ്ഞ മനുഷ്യരുടെ മൗഢ്യമായ പ്രവർത്തികൾ ദൈവത്തി നു വേദന വർദ്ധിക്കുവാനിടയാക്കി. ദൈവ കല്പന നേരിട്ടു ലംഘിച്ച് അതിക്രമങ്ങൾ ജനങ്ങളിൽ വർദ്ധിച്ച പ്പോഴാണ് ദൈവം തന്റെ പുത്രനെ അയച്ചതു. യേശു ക്രിസ്തുവിന്റെ ജനനം മുതൽ അവന്റെ അവസാനം വരെ എന്താണ് അനുഭവിക്കേണ്ടി വന്നതു ? വേദനയും ദുഃഖവും മാത്രം ദൈവ ജനത്തെ നോക്കി, ലോകത്തെ നോ ക്കി ഭാരപ്പെടുകയാണ് ഉണ്ടായത്. ആ വേദനകൾ അവൻ സ്വയം സഹിച്ചു. മരണത്തോളം അവൻ അതു സഹിച്ചു.

ഉയിർത്തെഴുന്നേററ ശേഷവും അവൻ ജനത്തിൻെറ രീതി കണ്ടു ദുഃഖിക്കുക തന്നെയാവും.

പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുതെന്നു അപ്പൊസ്തലനായിരുന്ന പൌലൊസ് പ്രസ്താവിച്ചിട്ടുണ്ട് (എഫെസ്യർ 4:30). നാം എത്ര പ്രാവശ്യം നമുക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ട്. നമ്മുടെ മുറിവുകൾ, വേദനകൾ, ദുഃഖങ്ങൾ നീങ്ങിപോകേണ്ടതിനു പ്രാർത്ഥിക്കയും പരിശ്രമിക്കയും ചെയ്തിട്ടുണ്ട് എന്നറിയാമല്ലൊ. ഒരു ചെറിയ സംഭവത്തിൽ നിന്നാകാം ഇത്തരം ദുരിതം നമുക്ക് ഉണ്ടാകുന്നത്. അപ്പോൾ അതു സഹിക്കുവാൻ നമുക്കു കഴിയാതിരിക്കുന്നു. ഓരോ വിധത്തിൽ ചെറുതോ വലുതോ ആയ ആന്തരിക മുറിവുകൾ ഏററവരാണല്ലൊ നാം. ഒന്നുകിൽ പരാജയമാകാം. അല്ലെങ്കിൽ അവഗണനയാകാം ബന്ധുക്കളിൽ നിന്നാകാം, കുടുംബത്തിൽ നിന്നാകാം, സമൂഹത്തിൽ നിന്നാകാം. എങ്ങനെയായാലും അതു നമ്മെ ദുഃഖിപ്പിക്കും. അതിനൊരു പരിഹാരത്തിനായി നാം ദൈവത്തോടു അപേക്ഷിക്കും. കാരണം ദൈവം മനസലിവും ദയവും കാണിക്കുന്നവനാണ്.

മനുഷ്യൻെറ നിലനില്പിൻെറ ഉറവിടം തന്നെ ക്രിസ്തുവാണല്ലൊ. നമുക്കുണ്ടാകുന്ന വേദനയിലും ദുഃഖത്തിലും നാം നമ്മുടെ ശ്രദ്ധ നമ്മിൽ തന്നെ കേന്ദ്രീകരിക്കുന്നു. ഇതു ദൈവത്തെ എങ്ങനെ ബാധിക്കുന്നു എന്നോ ദൈവം ഇതിൽ എത്രമാത്രം ദുഃഖിതനാണെന്നോ നാം ചിന്തിക്കാതെ പോകുന്നു. ദൈവം തൻെറ വിശ്വസ്തതക്കു ഒരിക്കലും മാററം വരുത്തുന്നില്ല. അവൻ വികാരമോ ഗതിഭേദമോ അനുസരിച്ചല്ല പ്രവർത്തിക്കുന്നതു. തൻെറ വിശുദ്ധ നീതി മുൻ നിർത്തിയാണ് ദൈവം പ്രവർത്തിക്കുന്നത്. നമ്മുടെ വേദന നീക്കി സമാധാനം വരുത്തുവാൻ കഴിവുള്ള സർവ്വ ശക്തനായ പിതാവാണ് നമ്മുടെ ദൈവം. നമുക്കു മുൻപും പിൻപും ആശ്വാസം നല്കുവാ

നായി എപ്പോഴും തയ്യാറുള്ളവനാണ് ദൈവം. നാം അതു സ്വീകരിക്കണമെന്നു മാത്രം.

ദൈവത്തെ നാം അവഗണിച്ചു തള്ളിക്കളയുമ്പോൾ അതു എത്രമാത്രം ദൈവത്തെ വേദനിപ്പിക്കും എന്നു നാം തിരിച്ചറിയാറുണ്ടോ ? അവിശ്വാസികൾ ഒരു ഭാഗത്തു നിന്നും വിശ്വാസികൾ മറ്റൊരു ഭാഗത്തു നിന്നും ദൈവത്തിനെതിരായി പ്രവർത്തിക്കുമ്പോൾ ദൈവത്തിനു നേരിടുന്ന വേദനക്കു പകരം ആശ്വാസം നല്കുവാൻ ആരുണ്ട് ? ആ ദുഃഖം മുഴുവനും ദൈവം സ്വയമായി സഹിക്കുകയല്ലേ ചെയ്യുന്നത് ? ആർക്കു വേണ്ടിയാണ് ദൈവം ആ വേദന സ്വയം സഹിക്കുന്നത് ? നമുക്കു വേണ്ടിയാണ്. ആ ഒരു ഓർമ്മ നമ്മിൽ നാം സൂക്ഷിക്കണം.

ദൈവം സ്വയം പര്യാപ്തനായ സർവ്വ ശക്തനായ ദൈവമാണ്. ആഴമായി മുറിവേല്ക്കപ്പെട്ട ഒരാൾ സ്വയമായി അതു സഹിക്കേണ്ടി വന്നാൽ അതു പ്രയാസകരം തന്നെ. മനുഷ്യർക്കു അസാദ്ധ്യവും ദൈവത്തിനു സാദ്ധ്യവുമത്രെ. നമ്മുടെ പ്രയാസങ്ങൾ, പ്രശ്നങ്ങൾ എന്നിവ നമ്മെ സ്നേഹിക്കുന്നവരോടു പങ്കിടുമ്പോൾ നമുക്കു ആശ്വാസം ഉണ്ടാകും. ദൈവത്തിനുണ്ടാകുന്ന വേദന ഏറ്റു വാങ്ങുവാൻ മറ്റാരുമില്ല എന്നോർക്കുക. അതു സത്യമായ ഒരു വസ്തുതയാണ്.

ദൈവത്തെയും പുത്രനായ ക്രിസ്തുവിനെയും പരിശുദ്ധാത്മാവിനെയും ദുഃഖിപ്പിക്കാതിരിക്കുക. സഹജീവികളോടും സഹവിശ്വാസികളോടും നാം എങ്ങനെയായിരിക്കണം ബന്ധപ്പെടേണ്ടതു ? ഈ ചെറിയവരിൽ ഒരുത്തനു നാം ചെയ്യുന്നതു ദൈവത്തിനു ചെയ്തതാണ്. ഈ ചെറിയവരിൽ ഒരുത്തനു നാം ചെയ്യാതിരുന്നതു ദൈവത്തിനു ചെയ്യാതിരിക്കുന്നു എന്നതു യാഥാർത്ഥ്യം (മത്തായി 25:40).

★

## വാർത്തകൾ

# നാളികേരത്തിന്റെ രക്ഷയ്ക്ക് 1000 കോടിയുടെ പദ്ധതി

ന്യൂഡൽഹി: പ്രധാനമന്ത്രി എ.ബി. വാജ്പേയി കുമരകത്തു വന്നപ്പോൾ കേരളത്തിനു നൽകിയ വാഗ്ദാനങ്ങളിലൊന്നായ നാളികേര ടെക്നോളജി മിഷൻ രൂപവൽക്കരിക്കുന്നതിന്റെ പ്രാരംഭപ്രവർത്തനം കേന്ദ്ര കൃഷി മന്ത്രാലയത്തിൽ ആരംഭിച്ചു.

തേങ്ങയുടെ ഉത്പാദനം ഇരട്ടിയാക്കുവാനും തെങ്ങുകൃഷി ലാഭകരമാക്കാനും ലക്ഷ്യമിട്ട് ആറു മിനി മിഷനുകൾകൂടി സ്ഥാപിക്കാൻ കേരളസർക്കാർ സമർപ്പിച്ച റിപ്പോർട്ട് വിദഗ്ധസമിതി പഠിച്ചു വരികയാണെന്നു കേന്ദ്ര ഹോർട്ടി കൾച്ചർ കമ്മീഷണർ ഡോ. എച്ച്.പി. സിങ് പറഞ്ഞു.

പ്രതിവർഷം 516 കോടി തേങ്ങയുടെ സ്ഥാനത്ത് ആയിരം കോടി തേങ്ങ ഉത്പാദിപ്പിക്കാനാണു ടെക്നോളജി മിഷൻ റിപ്പോർട്ടിൽ വിഭാവന ചെയ്യുന്നത്. അഞ്ചുവർഷം കൊണ്ടു സംസ്ഥാനമൊട്ടാകെ നടപ്പാക്കുന്ന പദ്ധതിക്കു മൊത്തം 992.72 കോടി രൂപയാണു ചെലവു പ്രതീക്ഷിക്കുന്നത്. ഇതിൽ 501 44 കോടി രൂപ കേന്ദ്രത്തിന്റെയും ബാക്കി സംസ്ഥാനത്തിന്റെയും വിഹിതമാണെന്നു റിപ്പോർട്ട് നിർദേശിക്കുന്നു.

"സംസ്ഥാനത്തിന്റെ റിപ്പോർട്ട് തിങ്കളാഴ്ച കിട്ടിയിട്ടേയുള്ളൂ. വിദഗ്ധസമിതി ഇതു യുദ്ധകാലാടിസ്ഥാനത്തിൽ പഠിച്ചുകൊണ്ടിരിക്കയാണ്. അതു കഴിഞ്ഞാലും കടമ്പകളുണ്ട്. ധനമന്ത്രാലയവും ആസൂത്രണക്കമ്മീഷനും ഇതു പരിഗണിക്കണം.

# കൊല്ലം ജില്ലയിൽ കൂടുതൽ സ്ഥലങ്ങളിൽ ഭൂചലനം

കൊല്ലം: ജില്ലയിൽ അനുഭവപ്പെട്ടു കൊണ്ടിരിക്കുന്ന ചെറു ഭൂചലനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിക്കുകയാണ്. തുടർച്ചയായ മൂന്നാം ദിവസവും ജനങ്ങളെ പരിഭ്രാന്തരാക്കി കിണറുകളിലെ തിരയിളക്കവും ഭിത്തികളിൽ വിള്ളലും വിവിധ സ്ഥലങ്ങളിൽ വർധിക്കുന്നു.

മൈനാഗപ്പള്ളി എം.എസ്.എച്ച്.എസ്.എസിന്റെ കെട്ടിടത്തിൽ വിള്ളൽ കണ്ടെത്തിയതിനെ തുടർന്ന് ക്ലാസുകൾ നടത്തിയില്ല. നെടുവത്തൂരിലും രണ്ടു സ്കൂളുകളുടെ ഭിത്തികളിൽ പൊട്ടലുണ്ട്. നഗരത്തിന് സമീപം അയത്തിൽ ഭാഗത്ത് അഞ്ചു വീടുകൾക്ക് വിള്ളലുണ്ട്. ചാത്തിനാംകുളത്ത് കിണറുകളിൽ തിരയിളക്കം ദൃശ്യമാണ്. ആശ്രാമത്ത് നാലോളം വീടുകൾക്ക് വിള്ളൽ സംഭവിച്ചു.

ഒരാഴ്ചയായി ഭൂചലനം അനുഭവപ്പെട്ടു വരുന്ന മുള്ളവന, മാറനാട്, കിഴക്കേ കല്ലട, നെടുമ്പന, നല്ലില, പുലിയില, കരീപ്ര തുടങ്ങിയ സ്ഥലങ്ങളിൽ വീണ്ടും നേരിയ ഭൂചലനം അനുഭവപ്പെട്ടു. കൊട്ടാരക്കരയിലെ പുത്തൂർ മേഖലയിൽ ഇന്നലെ വീണ്ടും ഭൂചലനം അനുഭവപ്പെട്ടു. തേവലപ്പുറം ഭാഗത്ത് മുപ്പതോളം വീടുകളിൽ വിള്ളൽ ദൃശ്യമാണ്. ചെപ്രയ്ക്ക് സമീപത്തെ വാപ്പാലയിൽ നിരവധി വീടുകൾക്ക് വിള്ളലുണ്ട്. വെൺമണ്ണൂർ പ്രദേശത്തും വിള്ളലുകൾ ദൃശ്യമാണ്.

നെടുമ്പന, ഏഴുകോൺ, അമ്പലത്തുംകാല എന്നിവിടങ്ങളിൽ നിരവധി വീടുകൾക്കും കടകൾക്കും വിള്ളലുണ്ട്. ഓയൂർ, വാക്കനാട് പ്രദേശങ്ങളിൽ പത്തോളം വീടുകൾ വിണ്ടുകീറി.

# സ്പീക്കറും ഗുരുദാസനും മൽസരിച്ചേക്കും

തിരുവനന്തപുരം: നോർത്ത് മണ്ഡലത്തിൽ സ്പീക്കർ എം. വിജയകുമാറിനെ വീണ്ടും സ്ഥാനാർഥിയാക്കാൻ സി. പി. എം. സംസ്ഥാന കമ്മിററി തീരുമാനിച്ചതായി അറിയുന്നു. പി. കെ. ഗുരുദാസനായിരിക്കും വർക്കലയിൽ സ്ഥാനാർഥി. തിരുവനന്തപുരം ജില്ലാ സെക്രട്ടറി എം. സത്യനേശൻ മൽസരിക്കില്ല.

തുടർച്ചയായി മൂന്നു തവണ തിരുവനന്തപുരം നോർത്ത് മണ്ഡലത്തിൽ നിന്നു ജയിച്ച വിജയകുമാറിന്റെ പേർ ജില്ലാ സെക്രട്ടേറിയററ് നൽകിയ പാനലിൽ ഇല്ലായിരുന്നു. എന്നാൽ അദ്ദേഹത്തെ മാററിയാൽ മണ്ഡലം നിലനിർത്തുക പ്രയാസമാണെന്ന വിലയിരുത്തലിലാണ് വീണ്ടും വിജയകുമാറിനെ സ്ഥാനാർഥിയാക്കാൻ തീരുമാനിച്ചത്.

സെക്രട്ടേറിയററ് അംഗങ്ങളിൽ വി. എസ്. അച്യുതാനന്ദൻ, കൊടിയേരി ബാലകൃഷ്ണൻ, പി. കെ. ഗുരുദാസൻ എന്നിവരെ മൽസരിപ്പിക്കണമെന്ന കാര്യത്തിൽ തീരുമാനമായിട്ടുണ്ട്. എം. ചന്ദ്രൻ, മന്ത്രിമാരായ എസ്. ശർമ്മ, പാലോളി മുഹമ്മദ്കുട്ടി എന്നിവരെ മത്സരിപ്പിക്കുന്ന കാര്യം ഇന്നേ തീരുമാനമാകൂ.

മൽസരിക്കാൻ താൽപര്യമില്ലെന്നു വ്യക്തമാക്കിയ പാലോളിയെ മൽസരിപ്പിക്കണമെന്നു പാർട്ടിയിലെ ഗണ്യമായ ഒരു വിഭാഗം ആവശ്യപ്പെടുന്നുണ്ട്. ന്യൂനപക്ഷങ്ങൾക്കിടയിൽ സ്വാധീനം ചെലുത്താനാണിത്.

## കലോൽസവത്തിനു തിരിതെളിഞ്ഞു

കൊല്ലം: യുവതയുടെ സർഗസാധന ഇതൾ വിരിയുന്ന കേരള സർവകലാശാലാ കലോത്സവത്തിന് എസ്. എൻ. കോളജ് അങ്കണത്തിൽ തിരിതെളിഞ്ഞു. ആറു നാൾ നീളുന്ന മേള പ്രശസ്ത കഥാകൃത്ത് ടി. പത്മനാഭൻ ഉദ്ഘാടനം ചെയ്തു. 'അക്ഷര സൂര്യക്ഷേത്രമേ....' എന്ന് തുടങ്ങുന്ന പ്രാർഥനാഗാനം കലാമേളയ്ക്കു തുയിലുണർത്തായി. കവി വി. മധുസൂദനൻ നായർ രചിച്ച ഗാനം എസ്. എൻ. വനിതാ കോളജ് വിദ്യാർഥിനികളാണ് ആലപിച്ചത്. 'നീലകണ്ഠ മനോഹര ജയ നീലകഞ്ജ വിലോചനേ ജയ....' എന്ന കീർത്തനം ചൊല്ലി സോപാന സംഗീതക്കാരൻ കാവാലം സജീവൻ ഉദ്ഘാടന വേദിയെ ധന്യമാക്കി.

കലാബോധം നശിപ്പിക്കുന്ന സിനിമാററിക് ഡാൻസ് പോലുള്ളവയെ ബാഹുബലം കൊണ്ടു നേരിടണമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ടി. പത്മനാഭൻ അഭിപ്രായപ്പെട്ടു. നല്ല പരിപാടികൾ നടത്തിയിരുന്ന വിദേശ മലയാളികളും ഇപ്പോൾ ഇവയുടെ പിന്നാലെയാണ്. സിനിമാററിക് ഡാൻസും ഫാഷൻ പരേഡുമൊക്കെ കേരളീയ ജീവിതത്തിന്റെ ഭാഗമായിട്ടുണ്ടെന്നതു സത്യമാണ്. പക്ഷേ അവയെ പോഷിപ്പിക്കേണ്ടതില്ല. ഇവ നമ്മെ എവിടെയെത്തിക്കുമെന്ന് അറിയില്ല.

കലാപ്രാഗത്ഭ്യം പ്രകടിപ്പിക്കാനുള്ള അവസരം പാവപ്പെട്ട കുട്ടികൾക്കും ലഭിക്കാൻ സർക്കാരും സർവകലാശാലയും മുൻകയ്യെടുത്ത് പ്രോജക്ട് തയാറാക്കണമെന്നു മന്ത്രി വി. പി. രാമകൃഷ്ണപിള്ള നിർദേശിച്ചു. ഇതിനു വേണ്ടി റിവോൾവിങ് ഫണ്ട് സ്വരൂപിക്കണമെന്നും മന്ത്രി പറഞ്ഞു.

★

# ക്രിസ്ത്യാനികളും ഗവൺമെൻറും

## റോഡ് റൂതർഫോർഡ്

ഒരു ക്രിസ്ത്യാനിക്കു സർക്കാർ സേവനം ആകാമോ? അവർക്കു തങ്ങളുടെ രാജ്യത്തിൽ വോട്ടവകാശം വിനിയോഗിക്കാമോ ? അവർക്കു അവരുടെ ദേശീയ ഗാനം ആലപിക്കാമോ. അതുപോലെ തങ്ങളുടെ ദേശീയ പതാകയെ വണങ്ങാമോ ? ഈ ചോദ്യങ്ങൾ ഉന്നയിക്കുന്നതിൻെറ കാരണം എന്തെന്നാൽ രാഷ്ട്രീയക്കാരും ഭരണതലത്തിൽ പ്രവർത്തിക്കുന്നവരും അഴിമതിക്കാരാണ് എന്നതാണ്. ഇവ ദൈവ നിയമത്തിനു എതിരാണെന്നുള്ള അഭിപ്രായക്കാരുമുണ്ട്. എന്നാൽ ബൈബിൾ ഇതിനെ കുറിച്ച് എന്താണ് പറയുന്നത് ?

യേശു ഈ ഭൂമിയിലായിരുന്നപ്പോൾ ആ ദേശം (ഇസ്രായേൽ) റോമിൻെറ ഭരണത്തിലായിരുന്നു. യഹൂദന്മാർ റോമിനെ വെറുത്തിരുന്നു. റോമാ ഗവൺമെൻറ് ഉദ്യോഗസ്ഥന്മാരാകട്ടെ അഴിമതിക്കാരും എതിർക്കുന്നവരും ആയിരുന്നു. ഒരവസരത്തിൽ പരീശന്മാർ യേശുവിനെ കുടുക്കുവാൻ ആഗ്രഹിച്ചു. അവർ അവനോടു ഒരു ചോദ്യം ചോദിച്ചു: കൈസർക്കു കരം കൊടുക്കുന്നതു വിഹിതമോ എന്നായിരുന്നു ചോദ്യം. (മത്തായി 22:15-22). കരം കൊടുക്കുന്നതു തെററാണെന്നു പറഞ്ഞാൽ റോമൻ ഭരണാധികാരികളിൽ നിന്നു കുഴപ്പം നേരിടും. കരം കൊടുക്കുന്നതു നല്ലതാണെന്നു പറഞ്ഞാൽ യെഹൂദന്മാരുടെ വിദ്വേഷത്തിനു പാത്രമാവും. അവൻ ഇതിൽ കുടുങ്ങുമെന്നാണ് അവർ കരുതിയത്. എന്നാൽ യേശു അവരോടു കരത്തിനുള്ള നാണയം കാണിപ്പാൻ പറഞ്ഞു. കൊണ്ടു വന്നപ്പോൾ നാണയത്തിന്മേലുള്ള സ്വരൂപവും മേലെഴുത്തും ആരുടേത് എന്നു ചോദിച്ചു. കൈസരുടേത് എന്നു അ

വർ ഉത്തരം പറഞ്ഞു. എന്നാൽ കൈസർക്കുള്ളതു കൈസർക്കും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുപ്പിൻ എന്നു അവൻ പറഞ്ഞു (മത്തായി 22:21).

എല്ലാ ക്രിസ്ത്യാനികളും രണ്ടു രാജ്യത്തിലെ (ദേശം) പ്രജകളാണ്. ഒരു രാജ്യം ആത്മികവും മറേറതു ഭൗതികവുമാണ്. ക്രിസ്തുവിൻെറ സഭയാകുന്ന അവൻെറ രാജ്യത്തിലെ പൗരന്മാരാണ് യഥാർത്ഥ ക്രിസ്ത്യാനികൾ (മത്തായി 16:18-19; കൊലൊസ്യർ 1:13). അതുപോലെ അവർ തങ്ങൾ താമസിക്കുന്ന ഭൗതിക രാജ്യമാകുന്ന ഇന്ത്യാ ശ്രീലങ്ക തുടങ്ങിയ രാജ്യത്തിലെ പ്രജകളുമാണ്. ഓരോ രാജ്യത്തിലും തങ്ങൾക്കുള്ള കടമകൾ അവർ നിർവ്വഹിക്കണം. അതിൽ നിന്നു ആർക്കും ഒഴിവില്ല എന്നോർക്കുക.

ലോകത്തിൽ ഭൂരിഭാഗം പ്രദേശങ്ങളും റോം ഭരിച്ചിരുന്ന സമയത്തായിരുന്നു അപ്പൊസ്തലനായ പൌലൊസ് ജീവിച്ചിരുന്നത്. അവൻ ഒരു റോമാ പൗരൻ ആയിരുന്നു (പ്രവൃത്തി 22:25-29). പൌലൊസ് അന്നു ലേഖനമെഴുതുമ്പോൾ അന്നു റോം ഭരിച്ചിരുന്നതു അഴിമതി നിറഞ്ഞ ക്രൂരനായ ചക്രവർത്തി നീറോയാണ്. "ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലോ; ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു. ആകയാൽ അധികാരത്തോടു മറുക്കുന്നവൻ ദൈവവ്യവസ്ഥയോടു മറുക്കുന്നു. മറുക്കുന്നവരോ ശിക്ഷാവിധി പ്രാപിക്കും. വാഴുന്നവർ സൽപ്രവൃത്തിക്കല്ല, ദുഷ്പ്രവൃത്തിക്കത്രെ ഭയങ്കരം. അധികാരസ്ഥനെ ഭയപ്പെടാതിരിപ്പാൻ ഇച്ഛിക്കുന്നുവോ ? നന്മ ചെയ്ക എന്നാൽ അവനോടു പുകഴ്ച്ച ലഭിക്കും. നിൻെറ നന്മെക്കായിട്ടല്ലോ അവൻ ദൈവശുശ്രൂഷക്കാരനായിരിക്കുന്നത്. നീ തിൻമ ചെയ്താലോ ഭയപ്പെടുക; വെറുതെയല്ല അവൻ വാൾ വഹിക്കുന്നത്. അവൻ ദോഷം പ്രവർത്തി

ക്കുന്നവന്റെ ശിക്ഷക്കായി പ്രതികാരിയായ ദൈവ ശുശ്രൂഷക്കാരൻ തന്നേ (റോമർ 13:1-4).

അതുകൊണ്ടു ശിക്ഷയെ മാത്രമല്ല മനസാക്ഷിയെയും വിചാരിച്ചു കീഴടങ്ങുക ആവശ്യം. അതുകൊണ്ടു നിങ്ങൾ നികുതിയും കൊടുക്കുന്നു. അവർ ദൈവ ശുശ്രൂഷകന്മാരും ആ കാര്യം തന്നേ നോക്കുന്നവരും ആകുന്നു. എല്ലാവർക്കും കടമായുള്ളതു കൊടുപ്പിൻ; നികുതികൊടുക്കേണ്ടവന്നു നികുതി ചുങ്കം കൊടുക്കേണ്ടവന്നു ചുങ്കം; ഭയം കാണിക്കേണ്ടവന്നു ഭയം; മാനം കാണിക്കേണ്ടവന്നു മാനം (റോമർ 13:6-7). ദൈവത്താലല്ലാതെ ആരും അധികാരത്തിൽ വരുന്നില്ല. എന്നാൽ ചില അധികാരികൾ ജനങ്ങളെ ക്ലേശിപ്പിക്കും എന്നതു വാസ്തവമാണ്. പക്ഷെ നാം മനസിലാക്കേണ്ടതു' എന്തെന്നാൽ അവർ ചെയ്യുന്ന പ്രവൃത്തികൾക്കു തക്ക ശിക്ഷ ദൈവം കൊടുക്കും എന്നതാണ്. നാം നമ്മുടെ കർത്തവ്യം നിർവ്വഹിക്കാതിരിക്കരുത്. കാരണം നാം ഒരിക്കലും കുററക്കാരായി തീരരുത്. ഒരിക്കലും നാം ദൈവ വ്യവസ്ഥയോടു എതിർക്കരുത്. നൻമ മാത്രമാണ് നമ്മുടെ ലക്ഷ്യം. അതു ചെയ്യുവാൻ കഷ്ടം സഹിക്കേണ്ടി വന്നാലും സാരമില്ല.

പത്രൊസും ഈ വിഷയത്തെ കുറിച്ചു പ്രബോധിപ്പിച്ചിട്ടുണ്ട്. "സകല മാനുഷ നിയമത്തിനും കർത്താവിൻ നിമിത്തം കീഴടങ്ങുവിൻ. ശ്രേഷ്ഠാധികാരി എന്നുവെച്ചു രാജാവിന്നും ദുഷ്പ്രവൃത്തിക്കാരുടെ ദണ്ഡനത്തിനും സൽപ്രവൃത്തിക്കാരുടെ മാനത്തിനുമായി അവനാൽ അയക്കപ്പെട്ടവർ എന്നുവെച്ചു നാടുവാഴികൾക്കും കീഴടങ്ങുവിൻ. നിങ്ങൾ നൻമ ചെയ്തുകൊണ്ടു ബുദ്ധിയില്ലാത്ത മനുഷ്യരുടെ ഭോഷത്വം മിണ്ടാതാക്കേണം എന്നുള്ളതു ദൈവേഷ്ടം ആകുന്നു. സ്വാതന്ത്ര്യം ദുഷ്ടതെക്കു മറയാക്കാതെ ദൈവത്തിന്റെ ദാസന്മാരായും നടപ്പിൻ; എല്ലാവരേയും ബഹുമാനിപ്പിൻ; ദൈവത്തെ ഭയപ്പെടുവിൻ; രാജാവിനെ ബഹുമാനിപ്പിൻ (1 പത്രൊസ് 2:13-17).

ദൈവ നിയമത്തിനു വിരുദ്ധമായി എന്തെങ്കിലും ക്രിസ്ത്യാനികളോടു ചെയ്യുവാൻ അധികാരി ആവശ്യപ്പെട്ടാലോ എന്നു പലപ്പോഴും ചോദിച്ചിട്ടുള്ള ചോദ്യമാണ്. സത്യ ദൈവത്തെ ആരാധിക്കുന്നതിനെ ഗവൺമെൻറ് വിലക്കിയാലോ എന്നും ചോദ്യം ഉയർന്നിട്ടുണ്ട്. അപ്പോൾ നാം എന്തു ചെയ്യും ? മനുഷ്യൻെറ നിയമവും ദൈവത്തിൻെറ നിയമവും തമ്മിൽ വിയോജിപ്പ് വന്നാൽ നാം അനുസരിക്കേണ്ടതു ദൈവ നിയമമാണ്. ഒന്നാം നൂററാണ്ടിലെ യെഹൂദ ഭരണാധികാരികൾ സുവിശേഷം പ്രസംഗിക്കരുതെന്നു അപ്പൊസ്തലൻമാരെ വിലക്കിയപ്പോൾ അവർ പറഞ്ഞതു: ''മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു'' എന്നത്രെ (പ്രവൃത്തി 5:29). ദൈവ നിയമവും മാനുഷികാധികാരികളുടെ നിയമവും നാം അനുസരിക്കണം. എന്നാൽ ദൈവ നിയമവും മനുഷ്യരുടെ നിയമവും പരസ്പര വിരുദ്ധമായി വരുമ്പോൾ നാം ദൈവത്തെ മുറുകെ പിടിക്കണം.

ലൗകിക മനുഷ്യർക്കു മാത്രമെ സർക്കാർ ജോലി പാടുള്ളു എന്നും ക്രിസ്ത്യാനികൾക്കു അതു നിഷിദ്ധമാണെന്നും പറയുന്നവർ ഉണ്ട്. അതു ബൈബിൾ പഠിപ്പിക്കുന്ന ഒന്നല്ല. ക്രിസ്ത്യാനികൾക്കു ഒരു നിയമവും അല്ലാത്തവർക്കു വേറൊരു നിയമവും ദൈവം കൊടുക്കുന്നില്ല. ശരിയായിട്ടുള്ളതു എല്ലാവർക്കും ഒന്നുമാത്രം.

തെററു ചെയ്യുവനോയി ധാരാളം പരീക്ഷണങ്ങൾ വരുമെന്നതു വാസ്തവമാണ്. അധികാരം ദുർവ്വിനിയോഗം ചെയ്യുന്നതു സാധാരണയായി മററിയിരിക്കയാണ്. അധികാരസ്ഥാനം ഉപയോഗിച്ച് പെട്ടെന്നു ധനികൻ ആകണമെന്നു ആളുകൾക്കു ആഗ്രഹം തോന്നും.

★

# കുടുംബത്തിൻെറ അടിസ്ഥാന തത്വങ്ങൾ

J.K. ഗോസെററ്

ദൈവത്താൽ സ്ഥാപിച്ചതായ കുടുംബത്തിനു എന്നും അടിസ്ഥാനപരമായ തത്വങ്ങൾ ഉണ്ട്. ദൈവം ആഗ്രഹിക്കുന്നതുപോലെ കുടുംബം നിലനിർത്തി കൊണ്ടു പോകാൻ ആഗ്രഹിക്കുന്നവർ ഈ തത്വങ്ങളെ മാനിക്കും. ഒത്തൊരുമിച്ചുള്ള ജീവിതമാണ് കുടുംബം കൊണ്ടു ഉദ്ദേശിക്കുന്നത്. ദൈവേഷ്ടം എന്തെന്നു ഏതു കാര്യത്തിലും നാം ആരാഞ്ഞറിയണം. ഈ കാര്യത്തിലും ദൈവം വെളിപ്പെടുത്തിയിരിക്കുന്ന തൻെറ ഹിതമാണ് മനുഷ്യർ അറിയേണ്ടത്. അതിനു പകരമായ അറിവും പരിശീലനവും വിപരീത ഫലം പുറപ്പെടുവിക്കും. അതിനാൽ ഉറപ്പുള്ളതും ഭദ്രതയുള്ളതുമായ കുടുംബത്തിനു ആവശ്യമായ അടിസ്ഥാന തത്വങ്ങൾ നമുക്കു മനസിലാക്കാം.

ആദ്യമായി ഭവനത്തെ സംബന്ധിച്ച് ദൈവത്തിൻെറ ഏർപ്പാട് എന്തെന്നു പരിശോധിക്കാം. യുഗങ്ങൾക്കു മുമ്പ് ആരംഭിച്ചതായ ഒരു കുടുംബമായിരുന്നുവല്ലൊ ആദാമിൻേറയും ഹവ്വയുടേയും. ഏക പുരുഷനും ഏക സ്ത്രീയും അടങ്ങുന്ന ഒന്നായിരുന്നു-ഏദെൻ തോട്ടത്തിലേത് (ഉൽപത്തി 5:2). വിവാഹത്തിൽ ഒന്നു ചേരാൻ ഉള്ള സ്ത്രീ പുരുഷ യോഗ്യത എന്താണ്? കുടുംബം ആരംഭിക്കുന്നതിനു അവർക്കു ദൈവസന്നിധിയിൽ ഉള്ള യോഗ്യതയാണ്, വെറുമൊരു സ്ത്രീ പുരുഷ ബന്ധം മാത്രമല്ല അതിലുള്ളത്. അടിസ്ഥാനപരമായി അവർ കുടുംബമായി ജീവിക്കുവാൻ തക്ക പക്വത ദൈവ സന്നിധിയിൽ ആർജിക്കണം. അതല്ലാതെ വിവാഹത്തിലേക്കു പ്രവേശിക്കുന്നതു കുഴപ്പമായിരിക്കും.

വിവാഹമെന്നതു വിട്ടു പിരിയലും പററിച്ചേരലും ആകുന്നു. ആകയാൽ മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു പിരിഞ്ഞു ഭാര്യയോടു പററിച്ചേരും; അവർ ഇരുവരും ഒരു ദേഹമായി തീരും(ഉല്പത്തി 2:24). ഈ വിട്ടു പിരിയലിനും പററിച്ചേരലിനും തുനിയാത്ത ആർക്കും വിവാഹം ആസ്വാദ്യകരമാകയില്ല. പല കുടുംബങ്ങളിലും ഇതു മൂലം പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. ചില പുരുഷന്മാർക്കും സ്ത്രീകൾക്കും അവരുടെ വിവാഹ ശേഷം മാതാപിതാക്കളെ വിട്ടു പിരിയാൻ കഴിയാതിരിക്കുന്നു. അതുകൊണ്ടു അവർക്കു പങ്കാളിയോടു പററിച്ചേരുവാൻ കഴിയാതെ വരുന്നു. വിവാഹത്തിൽ എടുക്കുന്ന പ്രതിജ്ഞ പാലിക്കുവാൻ ഭാര്യയും ഭർത്താവും ബാദ്ധ്യസ്ഥരാണ്. പിടിവാശി പല ദമ്പതികളേയും തമ്മിൽ അകററിയിട്ടുണ്ട്. വിവാഹശേഷം പങ്കാളികളുടെ ഇഷ്ടത്തെ മാനിക്കുവാൻ തയ്യാറാകണം. വിട്ടു വീഴ്ച്ച വിജയത്തിനു അത്യന്താപേക്ഷിതമാണ്.

വിവാഹസ്ഥിരത കുടുംബത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ പ്രാധാന്യമർഹിക്കുന്നു. അതായതു വിവാഹമെന്നതു താല്ക്കാലിക പരീക്ഷണത്തിനു വേണ്ടിയുള്ളതല്ല. മറിച്ച് പങ്കാളിയുടെ വേർപാട് വരെ നിലനിർത്തേണ്ട ഒന്നാണ്. ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർ പിരിക്കരുത് എന്നു കർത്താവു അരുളിച്ചെയ്തിരിക്കുന്നു (മത്തായി 19:6). മാനുഷിക കാരണങ്ങളാൽ ദമ്പതികൾ തമ്മിൽ വേർപിരിയുന്നതു ദൈവേഷ്ടമല്ല. കാരണം, ഒരു സ്ത്രീയായാലും പുരുഷനായാലും വിവാഹത്തോടെ അവർ മരണത്തോളം ബന്ധപ്പെട്ടിരിക്കുന്നു. മരണശേഷം മററൊരാളുമായി പുനർവിവാഹം ആകാം. എന്നാൽ ഈ ദൈവിക തത്വത്തെ മാനിക്കാതെ പല ഭാര്യമാരും, ഭർത്താക്കന്മാരും വേർപിരിയുകയും പുനർവിവാഹം നടത്തുകയും ചെയ്യുന്നുണ്ട്. ഭർത്താവു ജീവനോടിരിക്കുന്നതു വരെ ഭാര്യ ഭർത്തൃ ന്യായപ്രമാണത്താൽ ബന്ധിക്കപ്പെട്ടി

രീക്കയാണ്. അതിന്റെ അർത്ഥം വളരെ ലളിതവും വ്യക്തവുമാണല്ലോ (റോമർ 7:2).

അന്യോന്യം ഒരു ദൃഢമായ ബന്ധം ഭാര്യാഭർത്താക്കന്മാർക്കുണ്ടാകണം. പരസ്പര സ്നേഹം ഒഴിച്ച് കടപ്പെട്ടിരിക്കരുത്. പ്രാർത്ഥനെക്കു അവസരമുണ്ടാക്കാൻ പരസ്പര സമ്മതത്തോടെയല്ലാതെ പിരിഞ്ഞ് ഇരിക്കരുത്. എന്നാൽ അതിനു വിപരീതമായി കണ്ടെപ്പെടുന്ന ഭവനങ്ങളിൽ എല്ലാം പ്രശ്നങ്ങൾ തന്നെയാണ്. ഭാര്യ ഒരു സ്ഥലത്തും ഭർത്താവു വേറൊരു സ്ഥലത്തും ആയിരിക്കുന്നതു കുടുംബ ജീവിതത്തെ ബാധിക്കും. മാതാപിതാക്കളിൽ നിന്നു കുട്ടികളെ അകററി ബോർഡിങ്ങിൽ നിർത്തി പഠിപ്പിക്കുന്നതും ജീവിതത്തെ ഉലയ്ക്കും. ധന സമ്പാദ്യത്തിനു ഊന്നൽ കൊടുക്കുന്ന ദമ്പതികൾക്കു പിന്നീട് നഷ്ടമാകുന്നതു അവരുടെ കുടുംബമാണ്. അപ്പനും അമ്മയും തങ്ങളുടെ കുട്ടികൾക്കു കൊടുക്കേണ്ട സ്നേഹവും പത്ഥ്യോപദേശവും കൊടുക്കാതിരുന്നാൽ അവരുടെ ഭാവി ഇരുളടഞ്ഞതായി തീരും. ധനത്തേക്കാൾ അധികം കുടുംബ ബന്ധങ്ങൾക്കു പ്രാധാന്യം കൊടുക്കണം. തുറന്ന സ്നേഹം ഈ ബന്ധത്തിനു ഉണ്ടായിരിക്കണം. ധനം കുറവായാലും ജീവിക്കാം. പക്ഷെ ജീവിതം തന്നെ നഷ്ടമായാലോ ? പലരും ഇത്തരം അനുഭവങ്ങളിൽ നിന്നു ഗുണപാഠം പഠിച്ചിട്ടുണ്ട്. ദൈവ വചനത്തിൽ പറഞ്ഞിട്ടുള്ള കുടുംബ ബന്ധത്തിനു മതിപ്പും പ്രതിഫലവുമുണ്ട്. അതിൽ ദൈവം പ്രസാദിക്കും.

ഒരു ഭവനത്തിൽ ഭർത്താവ്, ഭാര്യ, മക്കൾ, മാതാപിതാക്കൾ, സഹോദരങ്ങൾ എന്നീ നിലയിലേക്കു വളർന്നുകൊണ്ടിരിക്കുന്നു. അന്യോന്യം തൃപ്തിപ്പെടുത്തുന്ന പങ്കാണ് ഓരോരുത്തരും വഹിക്കേണ്ടതു. ഭാര്യമാർ ഭർത്താക്കന്മാർക്കു കീഴ്പ്പെട്ടിരിക്കണം. ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ സ്നേഹിക്കണം. തെററിദ്ധാരണ ഇത്തരം കാര്യങ്ങളിൽ ഒഴിവാക്കണം. യഥാർത്ഥ സ്നേഹത്തി

ന്റെ മുമ്പിൽ ആരായാലും താഴ്ന്നു പോകും. അതാണ് ഇവിടെ കീഴ്പ്പെട്ടിരിക്കുക എന്നു പറഞ്ഞാൽ. മാതാപിതാക്കൾ തങ്ങളുടെ മക്കളെ കോപിപ്പിക്കരുത്. കാരണം അവർ അധൈര്യപ്പെട്ടുപോകും. മക്കൾ മാതാപിതാക്കളെ ബഹുമാനിക്കണം എന്നു പറഞ്ഞിരിക്കുന്നു. അവർക്കു നന്മയുണ്ടാകുവാനും അവർ ദീർഘായുസ്സോടെ ഇരിപ്പാനുമാണ് അങ്ങനെ ചെയ്വാൻ പറഞ്ഞിരിക്കുന്നത്. ഇതിനു വിരുദ്ധമായി ജീവിക്കുന്ന മാതാപിതാക്കളായാലും മക്കളായാലും സങ്കടപ്പെടേണ്ടി വരും. ഇനി സഹോദരങ്ങൾ തമ്മിലായാലും ഒരാൾ തന്നേക്കാൾ ശ്രേഷ്ഠനായി മററാളെ കാണണം (കൊലൊസ്സ്യർ 3:16-21).

അവസാനമായി ഭവനം എന്നതു ഒരു വിദ്യാപരിശീലന കേന്ദ്രമാണ്. ഓരോ ദിവസവും കണ്ടും കേട്ടും പഠിക്കേണ്ട ഒരു സ്ഥാപനമാണത്. അപ്പനും അമ്മയും അതിലെ അദ്ധ്യാപകരും മക്കൾ വിദ്യാർത്ഥികളുമാണ്. ബൈബിൾ ആയിരിക്കണം അവരുടെ പാഠ്യപുസ്തകം. ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക. വൃദ്ധനായാലും അതു വിട്ടുമാറുകയില്ല. യുവാക്കൾ വഴി തെററി പോകാതിരിക്കാൻ അവർക്കു ബാല്യത്തിലേ ശിക്ഷണം കൊടുക്കണം. അതോടൊപ്പം മാതാപിതാക്കൾ തങ്ങളുടെ കുട്ടികൾക്കു മാതൃക കാണിച്ചു കൊടുക്കുകയും വേണം. അവർ ജീവിക്കേണ്ടതെങ്ങനെ എന്നു വീട്ടിൽ നിന്നു പഠിക്കണം. പെരുമാറേണ്ട രീതിയിൽ ഉപജീവന മാർഗ്ഗം എങ്ങനെ കണ്ടെത്തണം എന്നും അവർ പഠിക്കണം. കുട്ടികളിൽ ലക്ഷ്യബോധവും നീതിശാസ്ത്രവും പകർന്നു കൊടുക്കേണ്ടതു വീട്ടിൽ നിന്നും ആയിരിക്കണം. പിന്നീട് അവർക്കു പുറമെ നിന്നു കിട്ടുന്ന അറിവു അതിനു പ്രചോദനമാവുകയും വേണം.

*

# ബോധ്യപ്പെടുത്തുന്ന തെളിവ്

## സുവെൻ വാർഡൻ

യേശു തന്നെയാണ് ക്രിസ്തു എന്നും സഭ തന്നെയാണ് വാഗ്ദാനം ചെയ്ത രാജ്യമെന്നും ബോധ്യപ്പെടുത്തുന്നതും വിശ്വസിക്കാവുന്നതും ആയ തെളിവാണ് പ്രവചന നിവർത്തീകരണമെന്നു യേശുവും അപ്പൊസ്തലന്മാരും പരിഗണിക്കയുണ്ടായി. ഉയിർത്തെഴുന്നേററ ശേഷം യേശു തൻെറ ശിഷ്യന്മാർക്കു പ്രത്യക്ഷനായി അവരോടൊപ്പം ഭക്ഷണം കഴിച്ചു. മുൻപ് അവൻ അനേക പ്രാവശ്യം അവരോടു പറഞ്ഞ കാര്യം ഓർമ്മിപ്പിക്കുവാൻ പററിയ സമയം അതായിരുന്നു. "ഇതാകുന്നു ഞാൻ നിങ്ങളോടുകൂടെ ഇരുന്നപ്പോൾ പറഞ്ഞതു; ന്യായപ്രമാണത്തിൽ മോശെയും പ്രവാചകന്മാരും സങ്കീർത്തനക്കാരനും എന്നെ കുറിച്ചു എഴുതിയിരിക്കുന്നതെല്ലാം നിറവേറണം (ലൂക്കോസ് 24:44). യേശു ശിഷ്യന്മാരോടു പറഞ്ഞതെല്ലാം നമുക്കു ലഭ്യമല്ലെങ്കിലും, ഇതു നിറവേറുന്നതായ ഒരു പ്രസ്താവന തിരുവെഴുത്തിൽ ഉണ്ട്". നിങ്ങൾ തിരുവെഴുത്തുകളെ ശോധന കഴിക്കുന്നു. കാരണം അവയിൽ നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ വിശ്വസിക്കുന്നു. അവ എന്നെ കുറിച്ചു സാക്ഷ്യം പറയുന്നു.

യേശുവിൻെറ കാലയളവിൽ ജീവിച്ചിരുന്ന ആളുകൾക്കും അവൻെറ അപ്പൊസ്തലന്മാർക്കുപോലും അവൻ ഉന്നയിച്ച അവകാശ വാദം ശരിയായി ഗ്രഹിക്കാൻ കഴിഞ്ഞില്ല എന്നതു വാസ്തവമാണ്. "ഞാനും പിതാവും ഒന്നാകുന്നു (യോഹന്നാൻ 10:30). യേശു ഫിലിപ്പിൻെറ കൈസര്യയുടെ പ്രദേശത്തു എത്തിയപ്പോൾ സംഭവിച്ചതു അവരെ തികച്ചും പ്രകാശിതരാക്കുന്നുണ്ട് (മത്തായി 16: 13-19). അവർ കണ്ട അടയാളങ്ങളും കേട്ട പ്രസംഗങ്ങളും എന്തായിരുന്നു എന്നു ചിന്തിക്കാനുള്ള അവസരം കിട്ടി. ആളുകൾ യേശുവിനെ കുറിച്ചു എന്തു വിചാരിക്കുന്നു എ

ന്ന ചോദ്യത്തിനു അവർ ശ്രദ്ധയോടെ ഉത്തരം പറഞ്ഞു. മരിച്ചുപോയ യോഹന്നാൻ സ്നാപകൻ എഴുന്നേററു വന്നിരിക്കുന്നതാണ് എന്ന് ചിലർ കരുതുന്നു. വേറെ ചിലർ കരുതിയതു അവൻ ഏലിയാവാണ് എന്നായിരുന്നു. അവൻ ഒരു സാധാരണക്കാരനല്ല എന്ന വിലയിരുത്തലാണ് ഉണ്ടായതു. എന്നാൽ യേശു ശിഷ്യന്മാരോടായി നിങ്ങൾ എന്നെ കുറിച്ച് എന്തു വിചാരിക്കുന്നു? ഞാൻ ആർ ആകുന്നു എന്നു ചോദിച്ചു. അതിനു പത്രൊസ് തുറന്നടിച്ചു ഉത്തരം പറഞ്ഞു: ''നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ ക്രിസ്തുവത്രെ'' (മത്തായി 16:15-16).

ദൈവം മനുഷ്യ രൂപത്തിൽ ജഡത്തിൽ വന്നവനാണ് ക്രിസ്തു എന്നു അപ്പൊസ്തലന്മാർ അത്ര പെട്ടെന്ന് വിശ്വസിച്ചതല്ല. അവർ അവനെ നിസാരമായി സ്വീകരിച്ചതുമല്ല. പുരാതനകാലത്തും ആധുനിക കാലത്തും ഏതൊരാൾക്കും എന്തു അവകാശ വാദം വേണമെങ്കിലും ഉന്നയിക്കാം. നൂററാണ്ടുകളായി ധാരാളം കള്ള പ്രവാചകന്മാർ വരികയും പോകുകയും ചെയ്തിട്ടുണ്ട്. ബുദ്ധിയും കഴിവും ഉള്ള ആൾക്കാരെ ആളുകൾ പിൻപററിയിട്ടുമുണ്ട്. പ്രവാചകന്മാരെ വിവേചിച്ച് തിരിച്ചറിയുന്ന ഒരു സമയമുണ്ട് (1 യോഹന്നാൻ 4:1). യതൊരു തെളിവും കൂടാതെ യേശു, ദൈവപുത്രനാണെന്നു അവൻെറ അനുയായികൾ വിശ്വസിക്കുവാനല്ല ദൈവം പ്രതീക്ഷിക്കുന്നതു. യേശു ചെയ്ത അത്ഭുതങ്ങളും വിവിധ വീര്യപ്രവർത്തികളും അതിനുവേണ്ടി ചെയ്തതാണ്. യോഹന്നാൻ സ്നപകൻെറ സാക്ഷ്യവും ആ ഉദ്ദേശത്തെ വ്യക്തമാക്കുന്നു (യോഹന്നാൻ 5:33-36). കൂടാതെ തിരുവെഴുത്തു പറയുന്ന സാക്ഷ്യവും പരിഗണിക്കാൻ അവൻ ആവശ്യപ്പെടുന്നുണ്ട്.

തിരുവെഴുത്തുകൾ ദൈവശ്വാസിയമെങ്കിൽ (2 തിമൊഥെയൊസ് 3:16)- യേശു ദൈവ പുത്രനാണെങ്കിൽ ചരിത്രത്തിലെ പരമപ്രധാന സംഭവത്തെ പ്രഖ്യാപിക്കുമ്പോൾ

അതിശയിക്കേണ്ട കാര്യമില്ല. തിരുവെഴുത്തു ദൈവശ്വാസീയമെന്നു നാം പറയുമ്പോൾ എന്താണ് അർത്ഥമാക്കിയതു ? ദൈവത്തെ കുറിച്ചുള്ള വിശേഷണവും വിവരിച്ചിരിക്കുന്നതു ദൈവശ്വാസീയം തന്നെ എന്നത്രേ. കാരണം ദൈവം സത്യവാനാകുന്നു. സത്യത്തിൻെറ ആത്മാവിനെയാണ് യേശു ശിഷ്യന്മാരിൽ അയക്കുമെന്നു വാഗ്ദാനം ചെയ്തതു (യോഹന്നാൻ 15.26). അവൻെറ അഭിഷേകം സത്യമായതുകൊണ്ടു അതു ഭോഷ്കല്ല (1 യോഹന്നാൻ 2: 27). ദൈവത്തിൻെറ വചനം സത്യമാകുന്നു (യോഹന്നാൻ 17:17). തിരുവെഴുത്തു സത്യമെന്നു പറയുമ്പോൾ അതിൽ ഭോഷ്ക്ക് ഇല്ല എന്നർത്ഥം. തിരുവെഴുത്തിൽ ദൈവം തൻെറ പ്രവാചകന്മാരിലൂടെ ക്രിസ്തുവിനെ കുറിച്ചും സഭയെ കുറിച്ചും പ്രവചിച്ചിട്ടുള്ളതു ക്രിസ്തുവിലും അവൻെറ സഭയിലും നിറവേറി എന്നതു നിഷേധിക്കാനാവാത്ത തെളിവു തന്നെയാണ് (ലൂക്കൊസ് 24:44).

കൈസര്യയിൽ വെച്ച് വിസ്താരം ചെയ്യപ്പെട്ട പൌലൊസ് അഗ്രിപ്പാ രാജാവിനോടും ശേഷം യെഹൂദന്മാരോടും ഒരു ചോദ്യം ചോദിക്കയുണ്ടായി. "ദൈവം മരിച്ചവരെ ഉയിർപ്പിക്കുന്നതു വിശ്വാസ യോഗ്യമല്ല എന്നു നിങ്ങൾക്കു തോന്നുന്നതു എന്തു'' ? (പ്രവൃത്തി 26:8). തള്ളിക്കളയാനാവാത്ത ഒന്നായി ദൈവം ഈ വസ്തുതയെ വെളിപ്പെടുത്തി തന്നിരിക്കുന്നതു എന്തിനാണ് ? വലിയവനായ ദൈവം നമ്മുടെ സൃഷ്ടികർത്താവാണ്. നാം നമ്മുടെ അനുസരണത്തിൽ ഏററു പറഞ്ഞതാണ് ഈ സത്യം. എങ്കിലും ചരിത്ര പുരുഷനും നസ്രേത്തുകാരനുമായ യേശുവിൻെറ യഥാർത്ഥ മഹത്വത്തെ സത്യമായി ആളുകളിലേക്ക് എത്തിക്കേണ്ടതാണ്. ദൈവം തൻെറ വചനം വിശ്വസനീയമായിട്ടാണ് തന്നിരിക്കുന്നതു ദൈവം ജഡത്തിൽ വെളിപ്പെട്ട യേശുവിൽ വിശ്വാസം അർപ്പിക്കുന്നതിനു മതിയായ തെളിവു ഇതിലപ്പുറമായി ആവശ്യമില്ല.

മുകളിൽ പ്രതിപാദിച്ച വസ്തുതയിൽ നിന്നും ശ്രദ്ധിക്കേണ്ട പ്രത്യേകത എന്തെന്നാൽ പഴയ നിയമത്തിലെ എല്ലാം പ്രവചനങ്ങളും യേശുവിനെ കുറിച്ചും അവൻെറ ജനത്തെ കുറിച്ചും മാത്രമാണെന്നു കരുതാതിരിക്കുക. ക്രിസ്ത്യാനിത്വത്തിനു മുൻപുണ്ടായിരുന്ന നീതിശാസ്ത്രത്തെ കുറിച്ചു വെളിപ്പെടുത്തിയിട്ടുണ്ട്. പൌലൊസും മററു അപ്പൊസ്തലന്മരും പഴയ നിയമ ഉദ്ധരണികൾ പറയുകയും രേഖപ്പെടുത്തുകയും ചെയ്തതു അവരുടെ പ്രസ്താവനകൾ സ്ഥിരീകരിക്കുന്നതിനു വേണ്ടിയായിരുന്നു. ഉദാഹരണമായി കൂട്ടുകാരനെ സ്നേഹിക്കാതെ ന്യായപ്രമാണത്തെ മുറുകെ പിടിക്കുന്നവരോടു പൌലൊസ് പറഞ്ഞു: കൂട്ടുകാരനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിക്കുന്നു (റോമർ 13:8). അല്ലാതെ ഇതു യേശുവിനെയോ അവൻെറ ജനത്തെയോ പററി പ്രവചിച്ച വാക്യങ്ങൾ ആയിരുന്നില്ല. പുതിയ നിയമത്തിൻെറ നിഴലായിരുന്ന പഴയ നിയമം പുതിയതിൻെറ വഴികാട്ടി തന്നെയാണ്. തെററിദ്ധരിക്കപ്പെടുവാനിടയുള്ള വേദഭാഗങ്ങൾ നാം സന്ദർഭോചിതമായി വായിച്ച് മനസിലാക്കണം. മിസ്രയീമിൽ നിന്നു ഞാൻ എൻെറ മകനെ വിളിച്ചു വരുത്തി ''എന്നതു യേശുവിനെ കുറിച്ചല്ല, യിസ്രായേലിനെ കുറിച്ചാണ് എന്നറിയുക (ഹോശെയാ11:1).

മൂല സന്ദർഭത്തെ പരിഗണിക്കാതെ അർത്ഥത്തെ മാററി ഉപയോഗിക്കുന്നതു ഭാഷ ശരിയായി കൈകാര്യം ചെയ്യുന്നതിലെ അറിവില്ലായ്മയാണ് കാരണം. പക്ഷെ അതുകൊണ്ടു ഉണ്ടാവുന്ന പരിണിത ഫലം വളരെ വലുതായിരിക്കും. ബൈബിളിനെ തെററായി വ്യാഖ്യാനിച്ചാലുണ്ടാകുന്ന ശിക്ഷയെ കുറിച്ചു എല്ലാവരും അറിഞ്ഞിരിക്കണം. നാം വായിക്കുന്ന സാഹചര്യം നന്നായി ഗ്രഹിച്ചിരിക്കേണ്ടതുണ്ട്.

*

**YOUR ATTENTION PLEASE !**

# Radio Srilanka Broadcasts

**ENGLISH -** The Voice of Truth - Speakers: **Reggi Gnanasundaram** and **J.C. Choate** Fridays: 7.45 to 8.00 p.m.
All Correspondence should be sent to The Voice of Truth
Post Box. 3815 New Delhi-110 049

**HINDI -** Sathya Susamachar. Speaker - **Sunny David**
All Correspondence should be sent to
Sathya Susamachar,
Post Box. 3815 New Delhi- 110 049
Sundays: 8.45 to 9.00 p.m
Thursdays: 9.00 to 9.15 p.m.

**KANNADA -** The Voice of Truth. Speaker - **Robert Rathnakar**
Box. 448, Bangalore - 560 004
Sundays: 1.45 to 2.00 pm.

**MALAYALAM -** The Voice of Truth. Speaker - **P.K. Varghese**
All Correspondence should be sent to Church of Christ,
Post Box. 5540
Trivandrum 695 034, Kerala, India

**TAMIL -** The Way of Truth. Speaker- **P.R.Swamy**
All Correspondence should be sent to The way of Truth,
Post Box 8405
Bangalore - 560 084

**TELUGU -** The Voice of Truth. Speaker- **Joshua Gootam**
All Correspondence should be sent to
The Voice of Truth, Post Box. 80, Kakinada 533 001
Sundays: 2.00 to 2.15 p.m.
Mondays: 2.00 to 2.15 p.m.
Tuesdays: 2.00 to 2.15 p.m.
Wednesdays: 2.00 to 2.15 p.m

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian literatures are available in these different languages from the addresses listed. Also Radio sermons are available in book form.

---

Edited, Printed and Published by P.K. Varghese Church of Christ Trivandrum. Printed at Joshah Printers, Trivandrum.

Reg:No.K.Dis 90095/86/ A8, Regd. No.KL/TV (N)22

JOIN US FOR WORSHIP
THE CHURCH OF CHRIST MEETS

To Worship

at Y M C A
SUNDAY at 10 A.M

For Bible Study

T.C.27/218, Thampuranmukku
Trivandrum-7
ALL ARE WELCOME

All correspondence should be sent to the Editor
Bible Truth, Church of Christ, Trivandrum - 34, Kerala, South Ind

From

THE BIBLE TRUTH
Church of Christ
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378

To